ശ്രീ. കെ. പി. ഹാർമിസ് : കിണറുകളും കക്കൂസുകളും കെട്ടി കൊടുക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇപ്പോൾ അങ്ങനെ ഉദ്ദേശിക്കുകയാണ്.

ശ്രീ. കെ. പി. ഹാർമിസ് : ആലുവാ മുനിസിപ്പാലിറ്റിയിലുള്ള കാളനിയിൽ കിണറു വെട്ടിച്ചിട്ടില്ലാ എന്നറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മുനിസിപ്പാലിറ്റികൾക്കും ഇമ്മാതിരിയുള്ള ചില ചുമതലകൾ ഉണ്ട്. മുനിസിപ്പാലിറ്റി ഉള്ള സ്ഥലത്തു്, ഗവണ്മെൻറിൽനിന്നും ചെലവുചെയ്തു് ഈ ജോലികൾ ചെയ്യിക്കുകയാണെങ്കിൽ ആ തുക മുനിസിപ്പാലിറ്റിയിൽനിന്നും ഗവണ്മെൻറിലേയ്ക്കു കൊടുക്കേണ്ടതാണു്.

ശ്രീ. ടി. വി. താമസ് : ആലപ്പുഴ ഇൻഡസ്ട്രിയൽ സ്കീം അനുസരിച്ചു ഇതേവരെ കെട്ടിടങ്ങൾ കെട്ടാതിരിക്കുവാൻ പ്രത്യേക കാരണം വല്ലതുമുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പറ്റി ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല. അന്വേഷിക്കാം.

ശ്രീ. കെ. എ. ബാലൻ : ഹരിജനങ്ങൾക്കു ഇതുവരെ ആകെ എത്ര വീടുകൾ കൊടുത്തിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു വേറെ ചോദ്യം അയച്ചാൽ പറയാം.

പബ്ലിക്ക് മാർക്കറ്റുകളിലെ സ്ഥലമില്ലായ്മ പ്രശ്നം.

* 201. [9] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളുടെ ഭരണത്തിലിരിക്കുന്ന പല പബ്ലിക്ക് മാർക്കറ്റുപുറമ്പോക്കുകളിലെ സ്ഥലം പഞ്ചായത്തു ഭരണാധിപന്മാരുടെയുള്ള പണക്കാർ കുത്തകപ്പാട്ടത്തിനു പിടിച്ചും അല്ലാതെയും, ക്ഷേത്രങ്ങളും പള്ളികളും സ്ഥാപിച്ചും കരയോഗങ്ങളുടേയും മറ്റും പേരിലും കയ്യടക്കി വച്ചിരിക്കുന്നതുമൂലം ചന്തകളിലെ വ്യാപാരം ശരിക്കു നടക്കാതെ പൊതുജനങ്ങൾക്കു് ബുദ്ധിമുട്ടു നേരിടുന്നുണ്ടെന്നു പരാതി ഉണ്ടായിട്ടുണ്ടോ ;

(ബി) അത്തരം ഒരു പരാതി പറക്കോട്ടു ചന്തയെപ്പറ്റി കിട്ടിയോ ; എന്നാണു പരാതി കിട്ടിയതു് ; എന്തു നടപടി സ്വീകരിച്ചു ;

(സി) പറക്കോട്ടു ചന്തയുടെ 9 ഏക്കറിൽപ്പുറം വരുന്ന പുറംപോക്കു സ്ഥലത്തു പ്രവേശിച്ചു കൈവശമാക്കി വച്ചിരിക്കുന്നവർ എത്ര പേരുണ്ടു് ; അതെല്ലാം ; അടൂർ പഞ്ചായത്തുപ്രസിഡൻറ് ശ്രീ. പി. ടി. നാരായണപിള്ളയുടെ കയ്യിൽ എന്തു സ്ഥലമിരുപ്പുണ്ടു് ;

(ഡി) ചന്തയുടെ ഉത്തമതാൽപ്പര്യങ്ങളെ മുൻനിറുത്തി പ്രവർത്തിക്കേണ്ട പഞ്ചായത്തുപ്രസിഡൻറ് പ്രവേശനക്കാരായ വ്യക്തികളെ ഒഴിപ്പിക്കുന്നതിനു് എതിർത്തു പ്രവർത്തിക്കുന്നതുമൂലം ചന്ത കയ്യേറക്കാരെ ഒഴിപ്പിക്കാനുള്ള നടപടികൾ സ്തംഭിച്ചു നിൽക്കയാണോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചന്തയുടെ സ്ഥലം മുഴുവനും ചന്തയ്ക്കു കിട്ടത്തക്കവിധം കയ്യേറക്കാരായ വ്യക്തികളേയും സംഘടനകളേയും അവിടെ നിന്നും ഒഴിപ്പിച്ചു ചന്ത പരമാവധി പൊതുജന ഉപയോഗപ്രദമാക്കുമോ; അതിനു ഗവണ്മെൻറുതന്നെ മുൻകൈയെടുത്തു് അടിയന്തര നടപടികൾ കൈക്കൊള്ളുമോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ടു്.

(ബി) അങ്ങനെയൊരു പരാതി, 4-8-1955-ൽ കിട്ടിയിട്ടുണ്ടു്. അന്വേഷണം നടത്തിവരികയാണു്.

(സി) പറമ്പോക്കുസ്ഥലം കൈവശപ്പെടുത്തിയിരിക്കുന്ന 60 പേരുടെമേൽ റവന്യൂ അധികൃതർ നടപടികൾ എടുത്തിട്ടുണ്ടു്. അടുത്ത പഞ്ചായത്തുപ്രഡിഡൻറു ശ്രീ. പി. ടി. നാരായണപിള്ളയുടെ കൈവശം നാലു സെൻറു സ്ഥലം കുത്തകപ്പാട്ടവ്യവസ്ഥയിൽ കൊടുത്തിട്ടുള്ളതായി കാണുന്നു.

(ഡി) അറിവില്ല.

(ഇ) നടപടികൾ എടുത്തുവരികയാണു്.

ശ്രീ. പി. ആർ. മാധവൻപിള്ള : ചന്തയിൽ സ്ഥലം ഇല്ലാത്തതുകൊണ്ടു ഒഴിപ്പിക്കാൻ ഏതാനും കടക്കാരെ മാത്രം നിർബന്ധിച്ചു വരുന്നതായി പരാതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ പരാതിയില്ല. കുറെ അനധികൃതമായി സ്ഥലം കൈവശപ്പെടുത്തിയിട്ടുണ്ടു്. അവരുടെമേൽ നടപടിയെടുത്തു ഒഴിപ്പിക്കാൻ ശ്രമിക്കുന്നതായി അറിയാം.

* 202. [10] SHRI T. S. RAMASWAMI : Will the Minister for Health be pleased to state :

(*a*) number of reauctions of Abkari contracts held during 1954-55 and 1955-56 ;

(*b*) reasons therefor ;

(*c*) name of parties who bid in the first auction ;

(*d*) the highest amount bid during the two auctions; and

(*e*) the gain obtained or loss sustained due to these reauctions ?

Minister for Health (SHRI A. A. RAHIM) : (*a*) There was no reauction of Abkari Shops for the 1954-55 contract but there was one reauction for the 1955-56 contracts *viz.*, the reauction of the Foreign Liquor Shop, Trichur.

(*b*) The reauction of the Foreign Liquor Retail Shop, Trichur, was conducted because there was a complaint from certain individuals that they were not given an opportunity to bid in the first auction.

LIBRARY ARCHIVES Kerala Legislative Assembly